ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ കേരളത്തിൽ 10517 ഭൂരഹിത പട്ടികവർഗ്ഗക്കാരും 36170 ഭവനരഹിത പട്ടികവർഗ്ഗക്കാരും ഉണ്ടായിരുന്നു. വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ചികിത്സാ ഫണ്ട്

252 (637) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാരായ രോഗികൾക്ക് സൗജന്യ ചികിത്സ നൽകിയതിന് പട്ടികവർഗ്ഗ വികസന വകുപ്പ് കോഴിക്കോട് മെഡിക്കൽ കോളേജിന് എത്ര തുക അനുവദിക്കാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ടി തുക അനുവദിച്ചു നൽകാൻ ഉണ്ടായ കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ചികിത്സ ചെലവിനുള്ള തുക യഥാസമയം ബന്ധപ്പെട്ട ആശുപത്രികൾക്ക് അനുവദിച്ചു നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 1,37,48,572

(ബി) നടപ്പു സാമ്പത്തിക വർഷം പട്ടികവർഗ്ഗക്കാർക്ക് വേണ്ടിയുള്ള സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനായി 13 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ടി തുക പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകൾ, റീജിയണൽ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ, പരിയാരം മെഡിക്കൽകോളേജ് ഹോസ്പിറ്റൽ, വിവിധ ജില്ലാ മെഡിക്കൽ ഓഫീസർമാർ, വിവിധ പ്രോജക്ട് ഓഫീസർമാർ/ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ എന്നിവർക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. പ്രസ്തുത ഫണ്ടിന്റെ ലഭ്യത അനുസരിച്ച് തുക നൽകേണ്ടതിനാലാണ് കാലതാമസം ഉണ്ടാകുന്നത്.

(സി) യഥാസമയം നടപടി സ്വീകരിച്ചു പോരുന്നു.

ദുർബല ഗോത്ര വിഭാഗങ്ങളുടെ ക്ഷേമം

253 (638) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ദുർബല ഗോത്ര വിഭാഗങ്ങളുടെ ക്ഷേമത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തുക വകയിരുത്തിയെന്നും എത്ര തുക വിനിയോഗിച്ചുവെന്നും വർഷം തിരിച്ച് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) തുക അനുവദിച്ച ഇനങ്ങളും പരിപാടികളും പദ്ധതികളും വിശദമാക്കുമോ ;

(സി) പ്രസ്തുത തുകയിൽ ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, ഭവന നിർമ്മാണം എന്നിവ നിർവ്വഹിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് രൂപീകരിച്ചിട്ടുള്ളതെന്നും ഇവ മോണിറ്ററിംഗ് ചെയ്യുന്നത് ഏത് ഏജൻസിയാണെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) കേരളത്തിലെ ദുർബല ഗോത്ര വിഭാഗങ്ങളുടെ ക്ഷേമത്തിനായി വകയിരുത്തിയതും, വിനിയോഗിച്ചതുമായ തുകയുടെ കണക്ക് താഴെ ചേർക്കുന്നു:

13-ാം ധനകാര്യ കമ്മിഷൻഅവാർഡ് തുക

Year	Allotment	Expenditure
2011-12	97680000	97680000
2012-13	369303977	369303977
2013-14	568261859	568261859
2014-15	325384649	325384649
2015-16	49692000	41842227
	1410322485	1402472712

കൺസർവേഷൻ കം ഡെവലപ്മെന്റ് പദ്ധതി തുക

Year	Allotment	Expenditure
2013-14	121000000	8711610
2014-15	-	38585963
2015-16	-	25162610
	121000000	72460183

(ബി) ഭവന നിർമ്മാണം, കുടിവെള്ള പദ്ധതികൾ, മണ്ണ്-ജല സംരക്ഷണം, റോഡ് നിർമ്മാണം, വൈദ്യുതി ലൈൻ വലിക്കൽ, ഭക്ഷ്യ സുരക്ഷാ പദ്ധതി, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, പ്രത്യേക അംഗൻവാടികൾ, പെരിപ്പറ്റിക് സെന്ററുകൾ എന്നിവയാണ് പദ്ധതികൾ.

LIBRARY ARCHIVES Kerala Legislative Assembly

(സി) ആരോഗ്യ സുരക്ഷയ്ക്കായി പ്രത്യേക മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ എല്ലാ സെക്ടറിലും പ്രവർത്തിക്കുന്നുണ്ട്. വിദ്യാഭ്യാസത്തിനായി പെരിപ്പത്തറിക് സ്കൂളുകളും, അംഗൻവാടികളും നിലവിലുണ്ട്. തൊഴിൽ പരിശീലനം ഈ പദ്ധതിയുടെ കീഴിൽ വരുന്നില്ല. വീടൊന്നിന് 3.5 ലക്ഷം രൂപ പ്രകാരം 2018 വീടുകൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ 1789 വീടുകൾ പൂർത്തിയായി. ശേഷിച്ച വീടുകളുടെ പണി പുരോഗമിച്ചുവരുന്നു. ജില്ലാകളക്ടർ ചെയർമാനായി ടി പദ്ധതികൾക്ക് മോണിറ്ററിംഗ് കമ്മിറ്റി, പദ്ധതി നടപ്പിലാക്കുന്ന എല്ലാ ജില്ലയിലും നിലവിലുണ്ട്. ടി കമ്മിറ്റി പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്.

തിരൂർ നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗ ക്ഷേമവകുപ്പ് നടപ്പാക്കിയ പദ്ധതികൾ

254 (639) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ ക്ഷേമ വകുപ്പിൽ നിന്നും തിരൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും, ഓരോ പദ്ധതിക്കും ഇതേവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്നതിന്റെയും വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

തിരൂർ നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗ കോളനികൾ നിലനിൽക്കുന്നില്ല എന്നാൽ തിരൂർ മുനിസിപ്പാലിറ്റിയിൽ കാട്ടുനായ്ക്ക വിഭാഗത്തിൽപ്പെട്ട 4 കുടുംബങ്ങൾ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ താമസിക്കുന്നുണ്ട്. ഇവർക്ക് വകുപ്പിന്റെ ഭക്ഷ്യധാന്യ വിതരണ പദ്ധതിയിൽ ഉൾപ്പെടുത്തി അരി, പയർ എന്നിവ നൽകാറുണ്ട്. അതോടൊപ്പം "ആശിക്കും ഭൂമി ആദിവാസികൾക്ക് സ്വന്തം" എന്ന പദ്ധതിയിൽ ഭൂമി കണ്ടെത്തി അപേക്ഷ സമർപ്പിക്കുന്നതിന് ഗുണഭോക്താക്കൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

സംയോജിത സുസ്ഥിര വികസന പദ്ധതി

255 (640) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗവിഭാഗത്തിൽപ്പെട്ട ജനങ്ങൾ അധിവസിക്കുന്ന തെരഞ്ഞെടുത്ത കോളനികളിൽ സംയോജിത സുസ്ഥിര വികസന പദ്ധതി നടപ്പിലാക്കുന്നതിന് 2014-15 ലെ സംസ്ഥാന ബജറ്റിൽ വകയിരുത്തിയിരുന്ന തുക വിനിയോഗിച്ച് തെരഞ്ഞെടുക്കപ്പെട്ട ഏറ്റവും പിന്നോക്കം നിൽക്കുന്ന 14 കേന്ദ്രങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിന്റെ എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly